# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

## 04.06.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും യോഗത്തിൽ പങ്കെടുത്തു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.05.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 പദ്ധതി രൂപീകരണ നടപടിയിൽ കാര്യമായ പുരോഗതി ഇപ്പോഴും കാണപ്പെടുന്നില്ലെന്ന് യോഗം നിരീക്ഷിച്ചു. പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം നേടാനുള്ള അവസാന തീയതി 2014 ജൂൺ 15 വരെ നീട്ടുന്നതിന് യോഗം തീരുമാനിച്ചു.

2.2 കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് വിനിയോഗത്തിനുള്ള കാലാവധി 2014 ജൂൺ 30 വരെ ദീർഘിപ്പിക്കാൻ യോഗം തീരുമാനിച്ചു.

2.3 എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വികേന്ദ്രീകൃത ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനുമായി മന്ത്രിതലത്തിൽ ഒരുയോഗം ചേരണമെന്നു തീരുമാനിച്ചു.

2.4 സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖയുടെ കരട് 28.03.2014 ലെ 35208/ഡി.എ3/2012/തസ്വഭവ നമ്പർ സർക്കുലറായി പുറപ്പെടുവിച്ചത് അന്തിമമാക്കി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്ന് യോഗം തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 32807/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത 6 പ്രോജക്ടുകൾ 2009-10, 2011-12 വർഷങ്ങളിൽ നടപ്പാക്കിയതിന്, മേലിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന താക്കീതോടെ, സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കേരള പഞ്ചായത്ത് അസോസിയേഷൻ**

ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളും സംവിധാനവും പാലിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പാമ്പാക്കുട ഗ്രാമപഞ്ചായത്ത് (ഫയൽ നം. 30507/ഡി.എ2/14/തസ്വഭവ)**

ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കൽ പ്രോജക്ടിന്റെ ബഹുവർഷ പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമാക്കി ഐ.കെ.എംന് നൽകാനും ഐ.കെ.എം.ന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും നിശ്ചയിച്ചു. സൗരോർജ റാന്തൽ വിതരണം, കോട്ടൺ ക്യാരി ബാഗ് വിതരണം എന്നീ പ്രോജക്ടുകൾ അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മലപ്പുറം ജില്ലാ പഞ്ചായത്ത്**

6 മീറ്റർ വീതിയുള്ള റോഡുകളും ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റടുക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പെരുവയൽ ഗ്രാമപഞ്ചായത്ത്**

കുടിവെള്ള വിതരണം എല്ലാ വാർഡുകളിലും നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് നൽകിയശേഷം പരിഗണിക്കാമെന്നും തനത് ഫണ്ടാണ് ഈ ആവശ്യത്തിന് ഉപയോഗിക്കേണ്ടതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുമ്പള ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ.പി.ബി. അബ്ദുൾ റസാഖ് മുഖേന സമർപ്പിച്ച നിവേദനം)**

റെയിൽവേ അണ്ടർ ബ്രിഡ്ജ് കം റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 339940 രൂപ ഡെപ്പോസിറ്റ് ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കോന്നി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗനവാടികളിൽ ശിശുക്കൾക്കായുള്ള പ്രത്യേക പരിപാടി അനുസരിച്ച് കയർ ഫെഡിൽ നിന്നും സ്നേഹം കിടക്കകൾ വാങ്ങി നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കോന്നി ബ്ലോക്ക് പഞ്ചായത്ത്**

ഓപ്പണിംഗ് ബാലൻസ് തിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ അനുവാദം നൽകിയിട്ടുള്ളതായി യോഗം നിരീക്ഷിച്ചു. പൂരക പോഷകാഹാര പരിപാടിയുടെ റീ ഇംപേഴ്സ്മെന്റ് തുകയായ 344728 രൂപ അംഗനവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***(യോഗം രാവിലെ 9.00ന് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 11.06.2014 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***